## പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.667      28/02/2017-ൽ മറുപടിക്ക്

## വൈദ്യുതി വാങ്ങുന്നതിന് റഗുലേറ്ററി കമ്മീഷൻ അനുമതി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. സി.മമ്മൂട്ടി** | | ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
| (എ) | കെ.എസ്.ഇ.ബി. സംസ്ഥാനത്തിന് പുറത്ത് നിന്ന് എത്ര മെഗാവാട്ട് വൈദ്യുതി വാങ്ങുന്നതിനാണ് റെഗുലേറ്ററി കമ്മീഷനിൽ അനുമതിക്കായി അപേക്ഷ നൽകിയത്; | (എ)<br>&<br>(ബി) | കേന്ദ്ര ഗവൺമെന്റ് പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ച്, ലൈസൻസികൾ, സുതാര്യമായ ടെണ്ടർ നടപടികൾ പ്രകാരം വാങ്ങുന്ന വൈദ്യുതിയുടെ താരിഫ് അതതു കമ്മീഷനുകളുടെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതാണ്. ഇതിൻപ്രകാരം കെ.എസ്. ഇ.ബി ലിമിറ്റഡ് താഴെ പറയുന്ന വൈദ്യുതി വ്യാപാരികളിൽ നിന്നും ജനറേറ്റിംഗ് കമ്പനികളിൽ നിന്നും വാങ്ങാൻ കാരാറാക്കിയിട്ടുള്ള വൈദ്യുതിയുടെ താരിഫ് അംഗീകരിക്കുന്നതിനായി റെഗുലേറ്ററി കമ്മീഷനെ സമീപിച്ചിട്ടുണ്ടായിരുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. ഇതിൽ മൈത്തോൺ പവർ ലിമിറ്റഡിൽ നിന്നും ദാമോദർ വാലി കോർപ്പറേഷനിൽ നിന്നും, പി.റ്റി.സി ഇന്ത്യാ ലിമിറ്റഡിൽ നിന്നും, റ്റാറ്റാ പവർ ട്രേഡിങ്ങ് കമ്പനി ലിമിറ്റഡിൽ നിന്നും വൈദ്യുതി വാങ്ങുന്നതിനായി കരാറിലേർപ്പെട്ടിട്ടുള്ള മുഴുവൻ വൈദ്യുതിക്കും റെഗുലേറ്ററി കമ്മീഷന്റെ അംഗീകാരം ലഭ്യമായിട്ടുണ്ട്. എന്നാൽ കേന്ദ്ര സർക്കാർ മാർഗ്ഗ നിർദ്ദേശപ്രകാരം കരാറിലേർപ്പെട്ടിട്ടുള്ള (ബിഡ്-1, അനുബന്ധം ക്രമനമ്പർ-4 പ്രകാരം) 315 മെഗാവാട്ട് വൈദ്യുതിയിൽ, ജിൻഡാൽ പവർ ലിമിറ്റഡുമായി കരാറിലേർപ്പെട്ടിട്ടുള്ള 200 മെഗാവാട്ടിനും [അനുബന്ധം ക്രമനമ്പർ 4(a)], ബിഡ്-2 പ്രകാരം കരാറിലേർപ്പെട്ടിട്ടുള്ള (അനുബന്ധം ക്രമനമ്പർ 4) 550 |
| (ബി) | വൈദ്യുതി വാങ്ങുന്നതിന് അനുമതി ലഭിച്ചിരുന്നോ; എങ്കിൽ എത്ര മെഗാവാട്ട് വൈദ്യുതി എവിടെ നിന്നെല്ലാം എന്ത് നിരക്കിൽ വാങ്ങാൻ തീരുമാനമായി എന്നും ഇപ്രകാരം വൈദ്യുതി വാങ്ങി വിതരണം ചെയ്ത് തുടങ്ങിയിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ; | | |

(---2)

മെഗാവാട്ട് വൈദ്യുതിയിൽ, ഭാരത് അലുമിനിയം കമ്പനിയുമായി കരാറിലേർപ്പെട്ടിട്ടുള്ള 115 മെഗാവാട്ടിനും [അനുബന്ധം ക്രമനമ്പർ 5 (a)], മാത്രമേ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ അനുമതി നൽകിയിരുന്നുള്ളൂ. തുടർന്ന് 30.11.2016-ലെ ഉത്തരവ് നം.238/2016/ഊ.വ പ്രകാരം മേൽ പ്പറഞ്ഞ രീതിയിൽ ജാബുവ പവർ ലിമിറ്റഡിൽ നിന്നും 115 മെഗാവാട്ട് വൈദ്യുതി 01.12.2016 മുതൽ വാങ്ങുന്നതിന് കെ.എസ്.ഇ.ബി ലിമിറ്റഡിന് അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിലും, നിബന്ധനകൾക്കു വിധേയമായും (അതായത് ഇന്ത്യാ ഗവൺമെന്റിന്റെ ' അനുമതിക്കു വിധേയമായും ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതിയിൽ നിലവിലുള്ള കേസിലെ അന്തിമ വിധിക്കു വിധേയമായും), സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ, 22.12.2016-ലെ ഉത്തരവു പ്രകാരം ജാബുവാ പവർ ലിമിറ്റഡിൽ നിന്നും വൈദ്യുതി വാങ്ങുന്നതിനുള്ള അനുമതിയും നൽകിയിട്ടുണ്ട്.

മുകളിൽ സൂചിപ്പിച്ചിട്ടുള്ള അനുമതി ലഭ്യമായ ഓരോ സ്രോതസ്സിൽ നിന്നും വൈദ്യുതി ലഭ്യമായി തുടങ്ങിയ തീയതി താഴെ പട്ടികയിൽ കൊടുത്തിരിക്കുന്നു.

| ക്രമ നമ്പർ | സ്രോതസ്സ് | ലഭ്യമായ തീയതി |
|---|---|---|
| 1 | മൈത്തോൺ പവർ ലിമിറ്റഡ് I | 17.12.2015 |
| 2 | DBFOO (Bid 1)<br>(a) ജിൻഡാൽ പവർ ലിമിറ്റഡ്<br>(b) ജാബുവ പവർ ലിമിറ്റഡ് | 06.12.2016 |
| 3 | ദാമോദർ വാലി കോർപ്പറേഷൻ<br>(a) മേജാ ബങ്കുരാ TPS | 04.03.2016 |
| | (a) രഘുനാഥ്പൂർ TPS | 01.04.2016 |
| 5 | മൈത്തോൺ പവർ ലിമിറ്റഡ് (II) | 01.06.2016 |

(G-3)

| | | | |
|---|---|---|---|
| (സി) | റഗുലേറ്ററി കമ്മീഷന്റെ അനുമതി ലഭിച്ചിട്ടില്ലെങ്കിൽ അതിനുള്ള കാരണം വിശദമാക്കുമോ? | (സി) | കേന്ദ്ര ഗവൺമെന്റിന്റെ മാർഗ്ഗരേഖകളിൽ നിന്നും വ്യതചലിച്ചാണ് ടെണ്ടർ നടപടികൾ പൂർത്തീകരിച്ചതെന്ന് ചൂണ്ടിക്കാണിച്ച് DBFOO പ്രകാരമുള്ള 565MW-ന് കമ്മീഷൻ അനുമതി നിഷേധിച്ചിരുന്നു. എന്നാൽ ഇത് ക്രമവൽക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ക്രമ നമ്പർ | വൈദ്യുതി വ്യാപാരി / ജനറേറ്റിംഗ് കമ്പനി | കരാർ പ്രകാരമുള്ള വൈദ്യുതിയുടെ അളവ് (MW) | കാലാവധി (കരാർ പ്രകാരം) | താരിഫ് (₹/kwh) |
|---|---|---|---|---|
| 1 | മൈത്തോൺ പവർ ലിമിറ്റഡ് | 150 | open access ലഭ്യമാകുന്നതുമുതൽ 25 വർഷത്തേക്ക് | Central Electricity Regulatory Commission നിർണ്ണയിക്കുന്ന താരിഫ് പ്രകാരം |
| 2 | ദാമോദർ വാലി കോർപ്പറേഷൻ (മേജാ, ബങ്കുരാ തെർമൽ പവർ സ്റ്റേഷനിൽ നിന്ന് | 100 | open access ലഭ്യമാകുന്നതുമുതൽ 25 വർഷത്തേക്ക് | Central Electricity Regulatory Commission നിർണ്ണയിക്കുന്ന താരിഫ് പ്രകാരം |
| 3 | ദാമോദർ വാലി കോർപ്പറേഷൻ രഘുനാഥ്പൂർ തെർമൽ പവർ സ്റ്റേഷനിൽ നിന്ന് | 50 | open access ലഭ്യമാകുന്നതുമുതൽ 25 വർഷത്തേക്ക് | Central Electricity Regulatory Commission നിർണ്ണയിക്കുന്ന താരിഫ് പ്രകാരം |
| 4 | ബിഡ്-1<br>(a) ജിൻഡാൽ പവർ ലിമിറ്റഡ് | 200 | 01.12.2016 മുതൽ 25 വർഷത്തേക്ക് | 3.60 |
| | (b) ജാബുവ പവർ ലിമിറ്റഡ് | 115 | 01.12.2016 മുതൽ 25 വർഷത്തേക്ക് | 4.15 |
| 5 | ബിഡ്-2<br>(a) ഭാരത് അലുമിനിയം കമ്പനി ലിമിറ്റഡ് | 100 മെഗാവാട്ട് വീതം | 01.10.2017 മുതൽ 25 കൊല്ലത്തേക്ക് | 4.29 |
| | (b) ജാബുവ പവർ ലിമിറ്റഡ് | | | |
| | (c) ജിൻഡാൽ പവർ ലിമിറ്റഡ് | | | |
| | (d) ഈസ്റ്റ് കോസ്റ്റ് എനർജി പവർ ലിമിറ്റഡ് | | | |
| | (e) ജിൻഡാൽ ഇന്ത്യാ തെർമ്മൽ പവർ ലിമിറ്റഡ് | 150 | 01.10.2017 മുതൽ 25 കൊല്ലത്തേക്ക് | 4.29 |
| 6 | മൈത്തോൺ പവർ ലിമിറ്റഡ് | 150 | open access ലഭ്യമാകുന്ന തീയതി മുതൽ 25 വർഷത്തേക്ക് | CERC നിർണ്ണയിക്കുന്ന താരിഫ് |
| 7 | പി.റ്റി.സി ഇന്ത്യാ ലിമിറ്റഡ് | 200 | 01.03.2017 മുതൽ 30.06.2017 വരെ | 3.08 |
| 8 (a) | റ്റാറ്റാ പവർ ട്രേഡിങ്ങ് കമ്പനി ലിമിറ്റഡ് | 100 വീതം | 01.03.2017 മുതൽ 30.05.2017 വരെ | RTC 3.25 |
| (b) | റ്റാറ്റാ പവർ ട്രേഡിങ്ങ് കമ്പനി ലിമിറ്റഡ് | | | 18.00 hrs to 24.00 hrs 3.65 |

സെക്ഷൻ ഓഫീസർ